# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5049** **15.11.2019 ൽ മറുപടിയ്ക്ക്**

**ജൈവ കാർഷിക കേരളം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| ജൈവ കാർഷിക കേരളം പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ ഘട്ടം ഘട്ടമായി ജൈവ കൃഷിയിലേയ്ക്ക് മാറ്റുന്നതിന് 2010 ൽ ജൈവ കാർഷികനയം പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 2011-12 മുതൽ 2014-15 വരെ കാസർഗോഡ് ജില്ലയിൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപിപ്പിക്കുകയും തുടർന്ന് 2015-16 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ എല്ലാ ജില്ലകളിലും ജൈവകൃഷിയും ഉത്തമ കൃഷിമുറകളും നടപ്പിലാക്കിയും വരുന്നു. പ്രധാനമായും പഴം, പച്ചക്കറി വിളകളിലാണ് 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ<br>15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപ ധനസഹായം നൽകുന്നു.<br>2. ഇക്കോഷോപ്പുകൾ<br>241 ഇക്കോഷോപ്പുകൾ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.<br>3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം<br>ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ |

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നു.

5. കുട്ടനാട് ജി.എ.പി പദ്ധതി

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി - ആവാസവ്യവസ്ഥകൾക്ക് അനുസൃതമായി നെൽ കൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിന് കർഷകരെ സജ്ജമാക്കുന്നതിന്റെ ഭാഗമായി സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിന്റെ നേതൃത്വത്തിൽ സംസ്ഥാനതല ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ മുഖേന കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ

രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി കർഷകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**